**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 617 | 29.10.2019-ലെ മറുപടിയ്ക്ക്

## സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **ശ്രീ. ഇ. പി. ജയരാജൻ**<br>ബഹു. വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പയ്യന്നൂരിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ടി ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ല. കഴിഞ്ഞ വർഷം ഹോസ്റ്റലിൽ ഉണ്ടായിരുന്ന 12 കായികതാരങ്ങൾ പഠനം പൂർത്തിയാക്കി പോയതിനാലും ടി ഹോസ്റ്റലിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവായതിനാലും, മികവുറ്റ കുട്ടികളെ ലഭിക്കാത്തതിനാലുമാണ് ഹോസ്റ്റൽ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായത്. |
| (ബി) | പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പയ്യന്നൂർ ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികൾ ഏതാണ്ട് മൂന്നര കിലോമീറ്ററോളം ദൂരെയുള്ള സ്കൂളുകളിലാണ് പഠിച്ചിരുന്നത്. യാത്രാക്ലേശം പരിഹരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ച് മികവുറ്റ കായികതാരങ്ങൾ ടി സെന്ററിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്ന പക്ഷം ഹോസ്റ്റൽ തുടർന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**